
സംസാര-ഭാഷാ വൈകല്യമുള്ളവരുടെ മെച്ചപ്പെട്ട ജീവിത നിലവാരത്തിനായി!!!!


ആശയ വിനിമയ തകരാറുകളെ തടയുന്നതിനുള്ള വിഭാഗം (POCD)
ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ - 570 006
ഫോൺ : 0821-2514449, 2515805, 2515410, 2514313, 2515218, 2515618
ഫാക്സ് : 0821-2510515
ഇ.മെയിൽ : aiish_dir@yahoo.com
വെബ് സൈറ്റ് : www.aiishmysore.com


പ്രവർത്തന സമയം : **9.00 am to 5.30 pm** (ശനി-ഞായർ അവധി)




# ഇപ്പോൾ ഇത് വളരെ എളുപ്പം!!!

## നിങ്ങളുടെ കുട്ടിക്ക് സംസാരവൈകല്യം ഉണ്ടോ എന്ന് പരിശോധിക്കുക

## ഓർമ്മിക്കുക; പരിപാലിക്കുക

കേൾവിയും സംസാരവും കുട്ടിയുടെ വളർച്ചയുടെ അവശ്യ ഘടകങ്ങൾ ആണ്



# ചോദ്യാവലി


ആശയ വിനിമയ തകരാറുകളെ തടയുന്നതിനുള്ള വിഭാഗം (POCD)
ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ –570006
ഫോൺ : 0821-2514449, 2515805, 2515410, 2514313, 2515218, 2515618
ഫാക്സ് : 0821-2510515
ഇ.മെയിൽ : aiish_dir@yahoo.com
വെബ് സൈറ്റ് : www.aiishmysore.com


*എല്ലാവരാലും ഫലപ്രദമായ ആശയ വിനിമയം*



# നിങ്ങളുടെ കുട്ടിയ്ക്കായി സംസാര ശ്രവണ പരിശോധന

## ഓരോ ചോദ്യവും വായിച്ച് ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക

ചോദ്യാവലി

| അടയാളപ്പെടുത്തുക ☑ ശരി / തെറ്റ് | കേൾവി /മനസ്സിലാക്കാനുള്ള ശേഷി | കുട്ടിയുടെ വയസ്സ് | സംസാര ശേഷി | അടയാളപ്പെടുത്തുക ☑ ശരി / തെറ്റ് |
|---|---|---|---|---|
| ☐ ☐ | ❖ കുട്ടി സംസാരത്തിന് ശ്രദ്ധ കൊടുക്കാറുണ്ടോ?<br>❖ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഞെട്ടാറുണ്ടോ?<br>❖ വളരെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് കുട്ടി ഞെട്ടി ഉണരാറുണ്ടോ?<br>❖ കുട്ടിയോട് സംസാരിക്കുമ്പോൾ കുട്ടി നിങ്ങളെ നോക്കി ചിരിക്കാറുണ്ടോ?<br>❖ കുട്ടി നിങ്ങളുടെ സംസാരം ശ്രദ്ധിക്കുകയും കരച്ചിൽ നിർത്തുകയും ചെയ്യാറുണ്ടോ? | 0-3 മാസം | ❖ നിങ്ങളുടെ കുട്ടി ആഹ്ളാദകരമായ ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ടോ ?<br>❖ നിങ്ങൾ കുട്ടിയുമായി കളിക്കുമ്പോൾ കുട്ടി നിങ്ങളെ നോക്കുകയും പിന്നെ ദൂരത്തേക്ക് നോക്കുകയും ചെയ്യാറുണ്ടോ ?<br>❖ ഒരേ ശബ്ദം തന്നെ പല പ്രാവശ്യം പറയാറുണ്ടോ ?<br>❖ വ്യത്യസ്ത രീതിയിലുള്ള കരച്ചിൽ പ്രകടിപ്പിക്കാറുണ്ടോ ?<br>❖ നിങ്ങളെ കാണുമ്പോൾ കുട്ടി ചിരിക്കാറുണ്ടോ? | ☐ ☐ |
| ☐ ☐ | ❖ നിങ്ങളുടെ സ്വരത്തിൽ വരുന്ന വ്യത്യാസത്തെ കുട്ടി തിരിച്ചറിയാറുണ്ടോ? ഉദാ: ദേഷ്യത്തിൽ "വേണ്ട" എന്ന് പറയുമ്പോൾ<br>❖ പുതിയ ശബ്ദങ്ങൾ കേൾക്കുമ്പോൾ കുട്ടി അതിനായി തിരയാറുണ്ടോ? ഉദാ:കോളിംഗ് ബെൽ, വാക്യൂം ക്ലീനർ, പട്ടി കുരയ്ക്കുന്നത്<br>❖ ശബ്ദം ഉണ്ടാക്കുന്ന പാവകളോട് താത്പര്യം കാണിക്കാറുണ്ടോ? | 4-6 മാസം | ❖ നിങ്ങളുടെ കുട്ടി പ്രകടിപ്പിക്കുന്ന ശബ്ദങ്ങളിൽ /പ/, /ബ/, /മ/ എന്നി ശബ്ദങ്ങൾ ഉണ്ടാകാറുണ്ടോ ?<br>❖ കുട്ടിക്ക് നിങ്ങളിൽ നിന്നും എന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ ആംഗ്യം വഴിയോ ശബ്ദത്തിലെ വ്യത്യാസം വഴിയോ പ്രകടിപ്പിക്കാറുണ്ടോ ?<br>❖ തനിയെ വിടുമ്പോൾ കുട്ടി പല വിധത്തിലുള്ള ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ടോ ? | ☐ ☐ |
| ☐ ☐ | ❖ നിങ്ങൾ സാമാന്യ വസ്തുക്കളുടെ പേരുപറയുമ്പോൾ കുട്ടി അത് തിരിച്ചറിയാറുണ്ടോ?<br>❖ നിങ്ങളുടെ നിർദ്ദേശങ്ങൾക്ക് ശ്രദ്ധ കൊടുത്ത് അത് ചെയ്യാറുണ്ടോ ?<br>❖ കുട്ടി സംസാരം ഉൾപ്പെടുന്ന കളികളിൽ ഏർപ്പെടാറുണ്ടോ? ഉദാ: അപ്പം ചുട്ടുകളി<br>❖ പേര് വിളിക്കുമ്പോൾ പ്രതികരിക്കാറുണ്ടോ?<br>❖ നിങ്ങളുടെ സംസാരത്തെ ശ്രദ്ധിക്കാറുണ്ടോ? | 7 മാസം - 1 വയസ്സ് | ❖ നിങ്ങളുടെ കുട്ടി ഒന്നോ രണ്ടോ വാക്കുകൾ ("ബൈ,ബൈ", "അച്ഛൻ", അമ്മ അവ്യക്തമായെങ്കിലും പറയാറുണ്ടോ ?<br>❖ നിങ്ങളുടെ കുട്ടി വലുതും ചെറുതുമായ ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ടോ? ഉദാഹരണത്തിന്: റ്റാറ്റാ, ബ ബ ബ ബ, താ താ.<br>❖ നിങ്ങളുടെ കുട്ടി ശബ്ദങ്ങൾ അനുകരിക്കാറുണ്ടോ ?<br>❖ കുട്ടി സംസാരം വഴിയോ കരച്ചിൽ വഴിയോ നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കാറുണ്ടോ ? | ☐ ☐ |
| ☐ ☐ | ❖ പുസ്തകത്തിലെ പടങ്ങളുടെ പേര് പറഞ്ഞാൽ കുട്ടി അവ ചൂണ്ടി കാണിക്കാറുണ്ടോ?<br>❖ കുട്ടിയോട് ശരീരഭാഗങ്ങൾ ചൂണ്ടിക്കാണിക്കാൻ പറഞ്ഞാൽ ശരിയായി കാണിക്കുമോ ?<br>❖ നിങ്ങളുടെ നിർദ്ദേശങ്ങൾക്ക് ശ്രദ്ധ കൊടുത്ത് അത് ചെയ്യാറുണ്ടോ? ഉദാ: നിന്റെ പുസ്തകം എവിടെ?, വാവയ്ക്ക് ഉമ്മ കൊടുക്ക്<br>❖ ചെറിയ കഥകൾ, പദ്യങ്ങൾ എന്നിവ ശ്രദ്ധയോടെ കേൾക്കാറുണ്ടോ ? | 1-2 വയസ്സ് | ❖ നിങ്ങളുടെ കുട്ടി ഓരോ മാസം കഴിയും തോറും പുതിയ വാക്കുകൾ മനസ്സിലാക്കുകയും പറയുകയും ചെയ്യുന്നുണ്ടോ ?<br>❖ നിങ്ങളുടെ കുട്ടി ഒന്നോ-രണ്ടോ വാക്കുകൾ വ്യക്തമായി ഉപയോഗിക്കാറുണ്ടോ? ഉദാഹരണത്തിന്: അമ്മ എവിടെ, പോ, ബൈ,ബൈ<br>❖ നിങ്ങളുടെ കുട്ടി രണ്ട് വാക്കുകൾ ചേർത്ത് സംസാരിക്കാറുണ്ടോ? ഉദാഹരണത്തിന്: അമ്മ വന്നോ ?<br>❖ നിങ്ങളുടെ കുട്ടി പല തരത്തിലുള്ള ശബ്ദങ്ങൾ വാക്കുകളിൽ ഉപയോഗിക്കാറുണ്ടോ? | ☐ ☐ |
| ☐ ☐ | ❖ നിങ്ങളുടെ കുട്ടി വിപരീത അർത്ഥങ്ങൾ മനസ്സിലാക്കാറുണ്ടോ? ഉദാ: മുകളിൽ-താഴെ, വലുത്-ചെറുത്<br>❖ ശബ്ദങ്ങൾക്ക് നേരെ ശ്രദ്ധ കൊടുക്കാറുണ്ടോ? ഉദാ: ടെലിവിഷന്റെ ഒച്ച, ടെലിഫോണിന്റെ ഒച്ച എന്നിവ<br>❖ ഒരേ സമയത്ത് കൊടുക്കുന്ന രണ്ട് നിർദ്ദേശങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാറുണ്ടോ? ഉദാ: ബോൾ എടുത്ത് മേശയുടെ പുറത്ത് വയ്ക്ക് | 2-3 വയസ്സ് | ❖ നിങ്ങളുടെ കുട്ടി എല്ലാത്തിനും ഒരേ വാക്കാണോ ഉപയോഗിക്കുന്നത്<br>❖ നിങ്ങളുടെ കുട്ടി രണ്ടോ-മൂന്നോ വാചകങ്ങളിൽ സംസാരിക്കുകയും ആവശ്യപ്പെടുകയും ചെയ്യാറുണ്ടോ ?<br>❖ നിങ്ങളുടെ കുട്ടി എല്ലാ സമയങ്ങളിലും വ്യക്തമായി സംസാരിക്കാറുണ്ടോ?<br>❖ കുട്ടി വസ്തുക്കളുടെ പേരു പറഞ്ഞ് നിങ്ങളുടെ ശ്രദ്ധ പിടിച്ചെടുക്കാറുണ്ടോ? | ☐ ☐ |
| ☐ ☐ | ❖ അടുത്ത മുറിയിൽ നിന്ന് വിളിച്ചാൽ കേൾക്കാറുണ്ടോ ?<br>❖ ടെലിവിഷൻ, റേഡിയോ എന്നിവ മറ്റുള്ളവർ കേൾക്കുന്ന ഉച്ചത്തിൽ തന്നെ കേൾക്കാറുണ്ടോ?<br>❖ നിങ്ങളുടെ കുട്ടി "എന്ത് ' "ആര്", "എവിടെ," "എന്ത് കൊണ്ട്." എന്ന ചോദ്യങ്ങൾക്ക് ലഘുവായി ഉത്തരം തരാറുണ്ടോ ? | 3-4 വയസ്സ് | ❖ സ്കൂളിൽ നടന്ന കാര്യങ്ങൾ കുട്ടി നിങ്ങളോട് വിവരിക്കാറുണ്ടോ ?<br>❖ എല്ലാ ശബ്ദങ്ങളും കൃത്യമായി ഉച്ചരിക്കാൻ കഴിയാറുണ്ടോ, ഉദാ:/ര/,/ല/,/ത/,/സ/<br>❖ കുട്ടി നന്നായി സംസാരിക്കാറുണ്ടോ പ്രത്യേകിച്ചും ഒരേ വാക്കുകൾ വീണ്ടും ഉപയോഗിക്കാതെ ?<br>❖ കുട്ടി സംസാരിക്കുന്നത് നിങ്ങളുടെ വീടിനു പുറത്തുള്ളവർക്ക് മനസ്സിലാകാറുണ്ടോ ?<br>❖ കുട്ടിയുടെ വാചകങ്ങളിൽ നാലോ അതിലധികമോ വാക്കുകൾ ഉണ്ട് ആകാറുണ്ടോ? | ☐ ☐ |
| ☐ ☐ | ❖ വീട്ടിലും സ്കൂളിലും മറ്റുള്ളവർ സംസാരിക്കുന്നത് കുട്ടി കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടോ ?<br>❖ കഥകൾ കേട്ടിരിക്കുകയും അതിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാറുമുണ്ടോ? | 4-4 ½ വയസ്സ് | ❖ നിങ്ങളുടെ കുട്ടിയുടെ സംസാരം മറ്റു കുട്ടികളുടേതു പോലെ വ്യക്തമാകാറുണ്ടോ ?<br>❖ നിങ്ങളുടെ കുട്ടി വലിയ വാചകങ്ങൾ ഉപയോഗിക്കാറുണ്ടോ? ഉദാ: എനിക്ക് വീട്ടിൽ രണ്ട് ചുവന്ന പന്തുകൾ ഉണ്ട്.<br>❖ ഒരു കാര്യം സംസാരിക്കുമ്പോൾ അതിൽ തന്നെ കുട്ടിയുടെ ശ്രദ്ധ നിൽക്കാറുണ്ടോ? | ☐ ☐ |
| | | 4 ½ - 5 വയസ്സ് | ❖ സമപ്രായക്കാരോടും മുതിർന്നവരോടും സംസാരിക്കുമ്പോൾ ബുദ്ധിമുട്ടില്ലാതെ സംസാരിക്കാൻ കഴിയുമോ ?<br>❖ എല്ലാ വാക്കുകളും കൃത്യമായും വ്യക്തമായും പറയാൻ കഴിയുന്നുണ്ടോ ?<br>❖ കുട്ടി വ്യാകരണങ്ങൾ കൃത്യമായി ഉപയോഗിക്കാറുണ്ടോ? | ☐ ☐ |

## നിങ്ങളുടെ കുട്ടിയുടെ ശ്രവണം സംസാരം ഭാഷ എന്നിവ കുട്ടിയുടെ വയസ്സിന് അനുസൃതമാണോ എന്ന് പരിശോധിക്കുക

നിങ്ങളുടെ ഉത്തരം "ശരി" എന്നാണെങ്കിൽ : നിങ്ങളുടെ കുട്ടിയുടെ കേൾവി, സംസാരം, ഭാഷ, എന്നിവയുടെ വളർച്ച സാധാരണഗതിയിലാണ്.

നിങ്ങളുടെ ഉത്തരം ഒന്നോ രണ്ടോ ചോദ്യങ്ങൾക്ക് "ഇല്ലാ" എന്നാണെങ്കിൽ സൂക്ഷിക്കുക. നിങ്ങളുടെ കുട്ടിയുടെ കേൾവി, സംസാരം, ഭാഷ, എന്നിവയുടെ വളർച്ച മന്ദഗതിയിലാണ്.

നിങ്ങളുടെ ഉത്തരം മൂന്നോ അതിലധികമോ ചോദ്യങ്ങൾക്ക് "ഇല്ല" എന്നാണെങ്കിൽ : പ്രവർത്തിക്കുക വിദഗ്ധ സഹായം തേടുക.

ഫലം